**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റുചീട്ട് സഹിതം)**

നം.കെ.എസ്.എ-ഐ.ഡി.കെ-7/1535/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി, തൊടുപുഴ
ഫോൺ നം. : 04862 227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*
തീയതി: 20.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൊടുപുഴ ബ്ലോക്ക്പഞ്ചായത്ത്

സർ

വിഷയം : - തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊടുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 എന്നീ ഭാഗങ്ങളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് : -

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) അസി.ഡവലപ്മെന്റ് കമ്മീഷണർ, ഇടുക്കി

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-7/1535/2017
തീയതി:20.11.2017

## ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.02.2017 മുതൽ 29.10.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. മുരളീദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 30.10.2017 മുതൽ 02.11.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | രാജീവ് എം. എസ്. | അസി. ഓഡിറ്റ് ഓഫീസർ |
| | മരുൺ മാത്യു | അസി. ഓഡിറ്റ് ഓഫീസർ |
| | മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ജിമ്മി പോൾ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. വി. ആർ. ഷാജി | 01.04.2016 മുതൽ 10.06.2016 വരെ |
| | ശ്രീ. കെ. ജെയ്മോൻ | 11.06.2016 മുതൽ 26.06.2016 വരെ |
| | | 18.11.2016 മുതൽ 31.03.2017 വരെ |
| | ശ്രീ. ജി. ശിശുപാലൻ | 27.06.2016 മുതൽ 17.11.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽഓഫീസർ(സി.എച്ച്.സി) | ഡോ. വി.സുധാകർ | 01.04.2016 മുതൽ 16.01.2017 വരെ |
| | ഡോ. രാധാ വി. വി | 17.01.2017 മുതൽ 31.03.2017 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.ജോർജ്ജ്സെബാസ്റ്റ്യൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സി.ഡി.പി.ഒ | ശ്രീമതി. കെ. ജി. ഷൈല | 01.04.2016 മുതൽ 14.12.2016 വരെ |
| | ശ്രീമതി. സുജ ജേക്കബ് | 15.12.2016 മുതൽ 31.03.2017 വരെ |
| അസി.എക്സി.എൻഞ്ചിനീയർ | ശ്രീമതി. ലിസ്സി തോമസ് | 01.04.2016 മുതൽ 31.03.2017 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി. കൈരളി കെ. കെ | 01.04.2016 മുതൽ 31.03.2017 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. സുപ്രിയ ദേവി | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്ര. നം. | ഭാഗം – 1 (പൊതു അവലോകനം) | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ | 1-12 |
| | ഭാഗം – 2 (വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ) | |
| 13 | കിഡ്നി വെൽഫെയർ സൊസൈറ്റി വാടകക്കരാർ പുതുക്കാതെ അനധികൃതമായി കെട്ടിടം കൈവശം വച്ചിരിക്കുന്നു - ബ്ലോക്ക് പഞ്ചായത്തിന് വരവിനത്തിൽ നഷ്ടം | 2-1 |
| 14 | ബദാം, വട്ട മരം എന്നിവയുടെ ലേലം പുനർമൂല്യനിർണ്ണയം നടത്താതെ ചെയ്തു -നഷ്ടം ₹5,248/- | 2-2 |
| 15 | സാംഖ്യ രസീത് സൂക്ഷിപ്പിലെ അപാകതകൾ | 2-3 |

| | | |
|---|---|---|
| 16 | വാടകക്കെട്ടിടങ്ങൾ ഒഴിവായിക്കിടക്കുന്നു – ബ്ലോക്ക്പഞ്ചായത്തിന് വരുമാന നഷ്ടം | 2-4 |
| 17 | ഇ-ടെണ്ടർ നടപടിയിലൂടെ ലഭിച്ച ടെണ്ടർ ഫീ, ബ്ലോക്ക്പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 2-5 |
| 18 | സി.എച്ച്.സി ക്വാർട്ടേഴ്സ്-വാടക ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കുന്നില്ല. | 2-6 |
| | ഭാഗം – 3 (ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ) | |
| 19 | ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ -കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ചില്ല | 3-1 |
| 20 | സി.എച്ച്.സി - കുടിശ്ശിക കറന്റ് ചാർജ്ജ് അടച്ചത് – രേഖകൾ ഹാജരാക്കിയില്ല ചെലവ് തടസ്സം ₹2,14,149/- | 3-2 |
| 21 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നില്ല | 3-3 |
| 22 | ബ്ലോക്ക്പഞ്ചായത്തിലേയ്ക്ക് ജനറേറ്റർ വാങ്ങലും അനുബന്ധ വയറിങ്ങും – ജനറേറ്ററിന് അധിക നിരക്ക് അനുവദിച്ചതിൽ അവ്യക്തത - ചെലവ് തടസ്സം ₹1,22,028/- | 3-4 |
| 23 | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 3-5 |
| 24 | ഭരണ സമിതി തീരുമാനങ്ങൾ നടപ്പാക്കുന്നില്ല | 3-6 |
| 25 | ഐ.എ.വൈ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു | 3-7 |
| | ഭാഗം – 4 (പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും) | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


**********************

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 തീയതിയിലെ നമ്പർ 1 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 31.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം – 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,14,66,514 |
| വരവ് | ₹3,85,59,780 |
| ആകെ | ₹5,00,26,294 |

| | |
|---|---|
| ചെലവ് | ₹3,89,25,678 |
| നീക്കിയിരിപ്പ് | ₹1,11,00,616 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി ₹ | എ.സി.ആർ പ്രകാരം അലോട്ട് മെന്റ് തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13857007 | 13857007 | 10746059 | 77.55 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3333138 | 3333138 | 2812999 | 84.39 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 945753 | 945753 | 763239 | 80.70 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2157225 | 2157225 | 1487330 | 68.95 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 46 | 21636614 | 36 | 34914541 | 10 | 0 | 78.26 |

## 1-7 തനത് വരുമാനം

തൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം (+) 340 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 17366 | 59055 | 41689 | (+)340 |
| മറ്റ് വരവുകൾ | 0 | 0 | 0 | 0 |
| ആകെ | 17366 | 59055 | 41689 | (+) 340 |

## 1-8 ക്ഷേമപദ്ധതികൾ

-ബാധകമല്ല-

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

*രജിസ്റ്ററുകളുടെ പരിപാലനം*

(1)സ്റ്റോക്ക് രജിസ്റ്റർ:

സ്റ്റോക്ക് രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. ഓരോ സാമ്പത്തിക വർഷവും വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും ഓരോ ഇനത്തിലും നിലവിൽ പഞ്ചായത്തിൽ എത്ര ഫർണിച്ചറുകൾ, സാധനങ്ങൾ ഉണ്ടെന്ന് വ്യക്തമാകുന്ന വിധത്തിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് വേരിഫിക്കേഷൻ നടത്തേണ്ടതും സെക്രട്ടറിമാർ ചാർജ് ഹാൻഡ് ഓവർ ചെയ്യുന്ന സമയത്ത് സ്റ്റോക്ക് കൈമാറ്റം ചെയ്യേണ്ടതുമാണ്.

**(2)**കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ :

കമ്പ്യൂട്ടർ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും സോഫ്റ്റ് വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് 24.09.2014ലെ 86/2010/ഫിൻ സർക്കുലറിൽ അനുശാസിക്കുന്നുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ ഇത്തരമൊരു രജിസ്റ്റർ പരിപാലിക്കുന്നില്ല. വ്യാജ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം. സോഫ്റ്റ് വെയറുകളുടെ ലൈസൻസ് വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണം.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.08.2016<br>31.08.2016 | 2015-2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.02.2015 | 2009-10 മുതൽ 2013-14 വരെ | 21.05.2015 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളിലുള്ള തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

2) ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല.

3) വാടക ഇനത്തിൽ അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

4) സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കിഡ്നി വെൽഫെയർ സൊസൈറ്റി വാടകക്കരാർ പുതുക്കാതെ അനധികൃതമായി കെട്ടിടം കൈവശം വച്ചിരിക്കുന്നു-ബ്ലോക്ക് പഞ്ചായത്തിന് വരവിനത്തിൽ നഷ്ടം

2013-ൽ SHG ആവശ്യത്തിന് വേണ്ടി നിർമ്മിച്ച ബ്ലോക്ക്പഞ്ചായത്ത് വക വാർഡ് 9 മങ്ങാട്ടുകവലയിലുള്ള കെട്ടിടം 2015 സെപ്റ്റംബർ മാസം ₹500/- വാടക നിരക്കിൽ കോലാനി ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത കിഡ്നി വെൽഫെയർ സൊസൈറ്റിയ്ക്ക് ഒരു വർഷത്തേക്ക് വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ കരാർ കാലാവധി കഴിഞ്ഞിട്ടും കെട്ടിടം ഒഴിയുകയോ കരാർ പുതുക്കാൻ തയ്യാറാവുകയോ വാടകക്കാരൻ ചെയ്തിട്ടില്ല. വളരെയധികം വരുമാന സാധ്യതയുള്ള പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ടി കെട്ടിടം കൂടിയ വാടക തുകയ്ക്ക് കരാർ ചമയ്ക്കാൻ തയ്യാറായി പലരും അപേക്ഷിച്ചതായി ഇതു സംബന്ധിച്ച ഫയലിൽ കാണാൻ കഴിഞ്ഞു.

പ്രിൻസിപ്പൽ സെക്രട്ടറി തസ്വഭവ.-യുടെ ഉത്തരവിൻ പ്രകാരം കെട്ടിടം ഒഴിവാകുന്നതിനായി ബ്ലോക്ക്പഞ്ചായത്ത് നോട്ടീസ് നൽകുകയും ബ്ലോക്ക്പഞ്ചായത്ത് വക കോൺഫറൻസ് ഹാൾ സൊസൈറ്റി പ്രവർത്തനത്തിനായി നൽകാമെന്ന് അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാൻ സൊസൈറ്റി ഭാരവാഹികൾ തയ്യാറായിട്ടില്ല. ടി കെട്ടിടത്തിൽ സൊസൈറ്റി നിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലുള്ള കാര്യമാത്രപ്രസക്തമായ പ്രവർത്തനങ്ങൾ നടക്കുന്നില്ലാത്തതിനാലും കോലാനി ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത സൊസൈറ്റിയുടെ ആസ്ഥാനം കോലാനിയിൽ ഉള്ള കോൺഫറൻസ് ഹാളായിരിക്കും ഉചിതം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിലേക്ക് വേണ്ട നടപടികൾ സ്വീകരിക്കാൻ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 ബദാം, വട്ട മരം എന്നിവയുടെ ലേലം പുനർമൂല്യനിർണ്ണയം നടത്താതെ ചെയ്തു.

ബ്ലോക്ക്പഞ്ചായത്ത് പരിസരത്ത് അപകടാവസ്ഥയിൽ നിന്നിരുന്ന മരങ്ങൾ ലേലം ചെയ്യുന്നതിനുള്ള

23-01-2017ലെ കമ്മിറ്റി തീരുമാന പ്രകാരം ഫോറസ്റ്റ് ഓഫീസറുടെ വാല്യൂവേഷൻ താഴെ സൂചിപ്പിക്കുന്ന രീതിയിൽ ലഭ്യമാകുകയും ചെയ്തു.

| ഇനം | സ്പെസിഫിക്കേഷൻ(സെ.മീ.) | | വാല്യൂവേഷൻ |
|---|---|---|---|
| | വണ്ണം | നീളം | |
| വട്ട | 130 | 900 | ₹7,891/- |
| വട്ട | 105 | 900 | ₹3,896/- |
| ബദാം (2 എണ്ണം) | 160 | 1000 | ₹9,204/- |
| ആകെ | | | ₹20,991/- |

ടി മരങ്ങൾ 10-02-2017ന് 3.00 മണിക്ക് ഫോറസ്റ്റ് ഓഫീസറുടെ മൂല്യ നിർണ്ണയ തുകയായ ₹20,991/-യ്ക്ക് ലേലം ചെയ്ത് കൊടുക്കാൻ നോട്ടീസ് നല്കിയിരുന്നുവെങ്കിലും ലേലംകൊള്ളുവാൻ ആരും തയ്യാറായില്ല. തുടർന്ന് പുനർ മൂല്യനിർണ്ണയം ലഭ്യമാക്കാതെ 14-02-2017ലെ കമ്മിറ്റി തീരുമാന പ്രകാരം 25% കുറഞ്ഞ തുകയായ ₹15,743/-ക്ക് ഷാജി പി.വി., പൊട്ടൻപ്ലാക്കൽ എന്ന ആൾക്ക് മരങ്ങൾ ലേലം ചെയ്ത് നൽകിയതിനാൽ ₹5,248/-യുടെ കുറവുണ്ടായി. ഓഡിറ്റ് എൻക്വയറിക്ക് കൃത്യമായ മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമം പാലിക്കാതെ തടികൾ ലേലം ഉറപ്പിച്ച് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-3 സാംഖ്യ രസീത് സൂക്ഷിപ്പിലെ അപാകതകൾ

സാംഖ്യ രസീതുകൾ സ്റ്റോക്കിലെടുക്കുകയോ ആളുകൾക്ക് സാംഖ്യ രസീതുകൾ നൽകുകയോ ചെയ്തിട്ടില്ല. ആയത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ടി അപാകത പരിഹരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 2-4 വാടക കെട്ടിടങ്ങൾ ഒഴിവായി കിടക്കുന്നു - ബ്ലോക്ക്പഞ്ചായത്തിന് വരുമാന നഷ്ടം

ബ്ലോക്ക്പഞ്ചായത്തിന് കീഴിലുള്ള വാടകയ്ക്ക് നൽകാവുന്ന കെട്ടിടങ്ങളിൽ 2 എണ്ണം മാത്രമേ വാടകയ്ക്ക് നൽകിയിട്ടുള്ളൂ. വാടകരഹിതമായി നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ വിവരം |
|---|---|

| | |
|---|---|
| 1 | അനഘ, വനിത എസ്.എച്ച്.ജി., പുറപ്പുഴ |
| 2 | പാർവ്വതി എസ്.എച്ച്.ജി., പുറപ്പുഴ |
| 3 | വികസന വിദ്യാ കേന്ദ്രം, പുറപ്പുഴ |
| 4 | ദീപം DWCRA യൂണിറ്റ്, മണക്കാട് |
| 5 | നവജ്യോതി എസ്.എച്ച്.ജി., ആൽപ്പാറ |
| 6 | വനിത സാംസ്കാരിക നിലയം, മണക്കാട് |
| 7 | ശ്രീലക്ഷ്മി എസ്.എച്ച്.ജി. വർക്ക് ഷെഡ്, മണക്കാട് |
| 8 | മുട്ടം, ചള്ളാവയൽ മഹിളാസമാജം കെട്ടിടം |
| 9 | മുട്ടം, ഊരുകൂട്ടം തൊഴിൽ പരിശീലന കേന്ദ്രം |
| 10 | പ്രണവം ലൈബ്രറി വനിത വർക്ക് ഷെഡ്, ഇടവെട്ടി |
| 11 | മുട്ടം, എള്ളുംപുറം മഹിളാസമാജം കെട്ടിടം |

ഈ കെട്ടിടങ്ങളിൽ ചിലത് ഉപയോഗിക്കുകയോ ശ്രദ്ധിക്കുകയോ ചെയ്യാതെ നാശോന്മുഖമായ അവസ്ഥയിലാണെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. വാടകയ്ക്ക് നൽകിയ 2 കെട്ടിടങ്ങൾ തന്നെ വളരെ കുറഞ്ഞ വാടകയ്ക്കാണ് കരാർ ചമച്ചിരിക്കുന്നത്. ബ്ലോക്കിന് വരുമാനദായകമായ കെട്ടിടങ്ങൾ പരിപാലിച്ച് ആവശ്യമായ പുനരുദ്ധാരണം നടത്തി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാവാതെ സംരക്ഷിക്കേണ്ടവർ ഇക്കാര്യത്തിൽ പുലർത്തുന്ന ഉദാസീനത ഗൗരവമായി വീക്ഷിക്കുന്നു. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## **2-5** ഇ-ടെണ്ടർ നടപടിയിലൂടെ ലഭിച്ച ടെണ്ടർ ഫീ, ബ്ലോക്ക്പഞ്ചായത്തിന് ലഭിച്ചിട്ടില്ല

2016-17 വർഷം വിവിധ മരാമത്ത് വേലകൾക്ക് ഇ-ടെണ്ടർ സമർപ്പിച്ചത് വഴി വിവിധ കരാറുകാർ ടെണ്ടർ ഫീ ഇനത്തിൽ ഒടുക്കിയ തുകകൾ ബ്ലോക്ക്പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ലഭിച്ചിട്ടില്ല. നിലവിൽ ഇടുക്കി എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള ഈ തുക ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-6 സി.എച്ച്.സി ക്വാർട്ടേഴ്സ് - വാടക ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കുന്നില്ല

ബ്ലോക്ക്പഞ്ചായത്ത് ഉടമസ്ഥതയിൽ മുട്ടം, കരിങ്കുന്നം എന്നീ സ്ഥലങ്ങളിലുള്ള സി.എച്ച്.സി. ക്വാർട്ടേഴ്സുകളുടെ വാടക നിലവിൽ ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കുന്നില്ല. ഭാവിയിൽ ക്വാർട്ടേഴ്സ് വാടക ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ - കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ചില്ല

| ബിൽ നമ്പർ/തീയതി | തുക ₹ |
|---|---|
| 1/16-17/10.11.2016 | ₹74,000 |
| 2/16-17/10.11.2016 | ₹74,000 |
| പ്രോജക്ട് നമ്പർ | 12/17 |
| ആകെ അടങ്കൽ | ₹150000 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബ്ലോക്ക്പഞ്ചായത്തിലേക്കും എൽ.എസ്.ജി.ഡി. സെക്ഷനിലേയ്ക്കും ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ എന്ന പദ്ധതിയിൽ മെഷീൻ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ആയതിൻ പ്രകാരം 6 ക്വട്ടേഷനുകൾ ലഭിക്കുകയും ചെയ്തു. പ്രസ്തുത ക്വട്ടേഷൻ പരിശോധിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കടവിൽ ഇൻഫോടെക്, കോട്ടയം എന്ന സ്ഥാപനത്തിന്റെയാണ് (₹72,870/-). എന്നാൽ ടി ക്വട്ടേഷൻ അംഗീകരിക്കാതെ കെ. എം. ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ആണ് അംഗീകരിച്ചത്(₹74000/-). കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കാതെ കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതിനാൽ അധികമായി ചെലവഴിച്ച തുക(₹74000-72870)x2= ₹2,260/- ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നം.9) നൽകിയതിന് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് അംഗീകരിക്കത്തക്കതല്ല.

## 3-2 സി.എച്ച്.സി - കുടിശ്ശിക വൈദ്യുതി ചാർജ്ജ് അടച്ചത്-രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സം -₹2,14,149/-

| വൗച്ചർ നമ്പർ/തീയതി | തുക ₹ |
|---|---|
| 1573591/02.04.2016 | ₹84,635 |
| 3302071/16.06.2016 | ₹1,29,514 |
| ആകെ | ₹2,14,149 |

പുറപ്പുഴ സി.എച്ച്.സി.-യിൽ വൈദ്യുതി ചാർജിനത്തിൽ 1/2013 മുതൽ 8/2015 വരെയുള്ള മാസങ്ങളിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക (കൺസ്യൂമർ നം.7667, 262) ₹2,14,149/- അടയ്ക്കുന്നതിനായി സി.എച്ച്.സി, മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 1/2013 മുതൽ 8/2015 വരെയുള്ള മാസങ്ങളിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തുവാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ₹2,14,149/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 നിർവ്വഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നില്ല

ജനകീയാസൂത്രണപദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിവിധ തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അതാത് മേഖലയിൽ പ്രാഗത്ഭ്യവും അനുഭവസമ്പത്തും കൈമുതലായുള്ള പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുതകും വിധമാണ് ഇവരുടെ പുനർവിന്യാസം സാധ്യമാക്കിയത്. ഇതുപ്രകാരം ബ്ലോക്ക്പഞ്ചായത്തിന് സെക്രട്ടറിയെ കൂടാതെ അസി. എക്സി.എൻജിനിയർ, സി.ഡി.പി.ഒ, കൃഷി അസി.ഡയറക്ടർ, ചീഫ് മെഡിക്കൽ ഓഫീസർ, സീനിയർ വെറ്ററിനറി സർജൻ, ക്ഷീര വികസന ഓഫീസർ, വ്യവസായ വികസന ഓഫീസർ, പട്ടികജാതി വികസന ഓഫീസർ, പട്ടികവർഗ വികസന ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ സേവനം പദ്ധതി നിർവ്വഹണത്തിന് ലഭ്യമാണ്. എന്നാൽ തൊടുപുഴ ബ്ലോക്ക്പഞ്ചായത്ത് പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നതിൽ വേണ്ടത്ര താത്പര്യം പ്രകടിപ്പിച്ച് കാണുന്നില്ല. വ്യവസായ വികസന ഓഫീസർ, പട്ടികവർഗ വികസന ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരെ പദ്ധതിയുടെ ഭാഗഭാക്കാക്കുകയോ ചെയ്തിട്ടില്ല.

മുപ്പതോളം വകുപ്പുകളെയും അവയിലെ ഉദ്യോഗസ്ഥരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറിയത് അധികാര വികേന്ദ്രീകരണം എന്ന ലക്ഷ്യം സാക്ഷാത്ക്കരിച്ച് ജനങ്ങൾക്ക് കാര്യക്ഷമമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ്. പ്രസ്തുത ലക്ഷ്യം തമസ്കരിക്കുന്ന രീതിയിൽ പദ്ധതി നിർവഹണം ഏതാനും ചില ഉദ്യോഗസ്ഥരിൽ മാത്രം കേന്ദ്രീകരിക്കുന്ന പ്രവണത ഒട്ടുംതന്നെ ആശാസ്യമല്ല. ലഭ്യമായ ഉദ്യോഗസ്ഥരുടെ

സേവനം പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകളിൽ പരമാവധി പ്രയോജനപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-4 ബ്ലോക്ക്പഞ്ചായത്തിലേയ്ക്ക് ജനറേറ്റർ വാങ്ങലും അനുബന്ധ വയറിങ്ങും - ജനറേറ്ററിന് അധിക നിരക്ക് അനുവദിച്ചതിൽ അവ്യക്തത-ചെലവ് തടസ്സം- ₹1,99,909/-

| | |
|---|---|
| പദ്ധതി നം. | 11/16-17 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| എസ്റ്റിമേറ്റ്/സാങ്കേതികാനുമതി | അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, പി ഡബ്ല്യു ഡി, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ഇടുക്കി |
| കരാറുകാരൻ | ശ്രീ. കെ. റ്റി. ഷാജി, കുന്നേൽ, കോടിക്കുളം |
| അളവു പുസ്തകം നം. | 72/15-16 |
| അടങ്കൽ | ₹2,00,000/- |
| *ചെലവ്* – ബിൽ നം. | 25/31-03-2017 ₹1,99,909/- |

ബ്ലോക്ക്പഞ്ചായത്തിൽ 3KVA ജനറേറ്റർ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഈ പദ്ധതിക്കായി അസി. എക്സി. എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇനം. 1 പ്രകാരം കൊടുത്തിട്ടുള്ള ജനറേറ്റർ സ്പെസിഫിക്കേഷൻ താഴെ പറയുന്നു.

"supply,conveyance, installation, testing and commissioning of Portable type Generator [3KVA Eco friendly] Maximum Output3000VA Rated output 2800VA Electric Start has a fuel tank capacity of 13 Litres and uses petrol as fuel. It has AC frequency of 50 Hz, and AC output voltage of 220V. Rated AC output of 2.8 KVA(make Honda or equivalent)".

ഈ സ്പെസിഫിക്കേഷനുള്ള ജനറേറ്ററിന് ₹1,22,028/-ആണ് എസ്റ്റിമേറ്റിലും ബില്ലിലും തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ബ്ലോക്ക്പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ളത് ഹോണ്ടാ കമ്പനിയുടെ EU30is മോഡൽ പോർട്ടബിൾ ജനറേറ്ററാണ്. ഈ മോഡൽ ജനറേറ്ററിന്റെ ഇപ്പോഴത്തെ മാർക്കറ്റ് വില ₹85,000/-ലും താഴെമാത്രമാണ് എന്നാണ് വിവിധ വെബ്സൈറ്റുകളിൽ കാണാൻ കഴിയുന്നത്.

വയറിങ് പ്രവർത്തികൾ മാത്രം എസ്റ്റിമേറ്റ് എടുത്ത് കരാർപ്രവത്തിയായി ചെയ്യുകയും ജനറേറ്റർ വാങ്ങൽ പ്രൊക്യൂയർമെന്റ് ചട്ടങ്ങൾ അനുസരിച്ച് നടത്തുകയും ചെയ്തിരുന്നുവെങ്കിൽ ഗണ്യമായ ലാഭം ബ്ലോക്ക്പഞ്ചായത്തിന് ഉണ്ടാകുമായിരുന്നു എന്ന് വ്യക്തമാണ്. വയറിങ്ങിനായി ₹2,00,000/-അടങ്കലുള്ള മറ്റൊരു

പ്രവൃത്തി കൂടി(നം.18/17) ഇതേ സമയത്ത് നിർവഹിച്ചിരുന്നു എന്ന വസ്തുത കൂടി കണക്കിലെടുക്കേണ്ടതാണ്.

മേൽ വസ്തുതകളുടെ വെളിച്ചത്തിൽ എസ്റ്റിമേറ്റ്, അളവ് എന്നിവയ്ക്ക് ഉത്തരവാദിയായ പൊതുമരാമത്തുവകുപ്പ്, ഇലക്ട്രിക്കൽ വിഭാഗം, ഇടുക്കി സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തൃപ്തികരമായ വിശദീകരണം ലഭ്യമാക്കുന്നതുവരേയ്ക്കും ഈ പദ്ധതിക്കായി ചെലവഴിച്ച ₹1,99,909/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന പി.എം.എ.വൈ. ഗുണഭോക്താക്കൾ നാളിതുവരെയായും വീട് പണി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ, അല്ലാത്തപക്ഷം നൽകിയ തുക പലിശ സഹിതം ഈടാക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തുക ₹ | എഗ്രിമെന്റ് തീയതി |
|---|---|---|---|
| 1 | രതീഷ് പൊന്നപ്പൻ | 48000 | 16.02.2017 |
| 2 | സുകുമാരൻ ഗോപാലൻ | 48000 | 18.02.17 |
| 3 | റഹീമ അബ്ദുൾ കരിം | 200000 | 16.01.2017 |
| 4 | കുഞ്ഞുപെണ്ണ് കിളിയൻ | 200000 | 16.01.2017 |
| 5 | റെയ്സി ജോൺസൻ | 128000 | 03.02.2017 |
| 6 | ആന്റണി എ. സി. | 100000 | 31.01.2017 |
| 7 | അന്നമ്മ പൗലോസ് | 176000 | 30.01.2017 |
| 8 | ആനീഷ് ഷാജു | 156000 | 02.02.2017 |
| 9 | നബീസ അലിയാർ | 128000 | 13.02.2017 |
| 10 | ജോസഫ് പൈലി | 48000 | 13.02.2017 |
| 11 | ഏലിക്കുട്ടി വർഗ്ഗീസ് | 128000 | 31.01.2017 |
| 12 | വർഗ്ഗീസ് പീറ്റർ | 176000 | 31.01.2017 |
| 13 | സുജ പ്രകാശ് | 176000 | 12.08.15 |

| | | | |
|---|---|---|---|
| 14 | റ്റി. പി. മാത്യു | 48000 | 27.02.2017 |
| 15 | വൽസാ ജനാർദ്ദനൽ | 80000 | 26.12.2016 |
| 16 | പീതാംബരൻ നാരായണൻ | 48000 | ലഭ്യമല്ല |

## 3-6 ഭരണ സമിതി തീരുമാനങ്ങൾ നടപ്പാക്കുന്നില്ല

തീരുമാനം 3(3)/തീ. 13.06.2016

ഗ്രാമസഭകളെ ശാക്തീകരിക്കുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട് സേവനങ്ങൾ വേഗത്തിൽ നൽകുന്നതിനുമായി എല്ലാ വാർഡുകളിലും സേവാഗ്രാം ഗ്രാമകേന്ദ്രം പ്രവർത്തനം ആരംഭിക്കണമെന്ന് സർക്കാർ നിർദ്ദേശം ഉണ്ട്.

തീരുമാനം 4(1)/തീ. 29.06.2016

ബ്ലോക്കിന്റെ ഔദ്യോഗിക വാഹനം KL-1M/4960 25.06.2016 തീയതിയിൽ നടന്ന ലേലം ഉറപ്പിക്കാത്തതുകൊണ്ട് പത്രപരസ്യം മുഖേന ആവശ്യമായ പബ്ലിസിറ്റി നൽകി പുനർലേലം ചെയ്യുന്നതിന് കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ച് സെക്രട്ടറിയെ ചുമതലപ്പെട്ടുത്തി.

തീരുമാനം 9/തീ. 29.06.2016

തൊടുപുഴ ബ്ലോക്കിലെ PMKSY- യിൽ എല്ലാ ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രൊഡക്ഷൻ സെക്ടറിൽ കോഴി വിതരണം നടത്തുന്ന പ്രവർത്തി നിർദ്ദിഷ്ട DPRൽ ഉൾപ്പെടുത്തി എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിക്ക് ശുപാർശ ചെയ്ത് കത്ത് അയയ്ക്കുന്നതിന് കമ്മിറ്റി അംഗീകരിച്ചു. തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെട്ടുത്തി.

തീരുമാനം 2(5)/തീ. 22.10.2016

തൊടുപുഴ ബ്ലോക്ക് ആഫീസിലേക്ക് 2 അലമാരകൾ വാങ്ങുന്നതിനായി ക്ഷണിച്ച ക്വട്ടേഷനുകൾ കമ്മിറ്റിയിൽ വായിച്ചു ചർച്ച ചെയ്തു. പ്രസ്തുത ക്വട്ടേഷനുകൾ ഒരിക്കൽക്കൂടി പരിശോധിച്ചിട്ട് തീരുമാനമെടുക്കാമെന്ന് കമ്മിറ്റി അംഗീകരിച്ചു തീരുമാനിച്ചു.

ഭരണസമിതി തീരുമാനങ്ങളെടുത്ത് ഒരു വർഷത്തിലധികം കഴിഞ്ഞുവെങ്കിലും അത് നടപ്പാക്കുന്നതിനോ അവ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിനോ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധ പതിപ്പിച്ചിട്ടില്ലായെന്ന വസ്തുത ഏറെ ഗൗരവമർഹിക്കുന്നു, ഇതു സംബന്ധമായി നൽകിയ അന്വേഷണക്കുറിപ്പിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടലുകൾ പദ്ധതി നിർവഹണത്തിന്റെ സുതാര്യതയ്ക്കും കാര്യക്ഷമതയ്ക്കും അനിവാര്യമാണെന്നതിനാൽ ഇത്തരം അലംഭാവങ്ങൾ പദ്ധതി പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്നത് നിസ്തർക്കമായ വസ്തുതയാണ്.

വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങൾ ഭാവിയിൽ നടത്തുന്നതിനുമായി വിഷയം ഭരണസമിതിയുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-7 ഐ.എ.വൈ. അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു

ബ്ലോക്ക്പഞ്ചായത്തിന് ഇന്ദിരാ ആവാസ് യോജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബാങ്ക് അക്കൗണ്ട് നിലവിലുണ്ട്. പ്രസ്തുത അക്കൗണ്ടുകളിൽ ഗണ്യമായ തുക നീക്കിയിരിപ്പുള്ളതായി ഓഡിറ്റിൽ കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം/ബാങ്ക് ശാഖ | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക ₹ | അഭിപ്രായ കുറിപ്പുകൾ |
|---|---|---|---|
| IAYപ്ലാൻ | 11399 | 6369361.80 | - |
| എൻ.ബി.എ. | 20806 | 4507.00 | - |
| എ.ഡി.എം. | 20712 | 24401.00 | - |

ഉദാത്തമായ ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ഇതര തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ലഭ്യമാക്കിയ വിഹിതങ്ങൾ യഥാവിധി സമയബന്ധിതമായി വിനിയോഗിക്കാതെ അക്കൗണ്ടിൽ മുതനിക്ഷേപമായി സൂക്ഷിച്ച നടപടി അംഗീകരിക്കാവുന്നതല്ല. 2016-17 സാമ്പത്തിക വർഷത്തോടെ ഐ.എ.വൈ. കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ ടി തുകയുടെ വിനിയോഗത്തിൽ ഏറെ സങ്കീർണതയും കാലതാമസവും നേരിടുമെന്നത് വ്യക്തമാണ്. അവശേഷിക്കുന്ന തുക വിനിയോഗത്തിന് പ്രത്യേക ഉത്തരവിലൂടെ അനുമതി നേടിയെടുക്കാൻ അടിയന്തിര നടപടികൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

–ഇല്ല–

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

–ഇല്ല–

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

–ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

–ഇല്ല –

## 4-5 സ്ഥിര നിക്ഷേപങ്ങൾ

–ഇല്ല–

## 4-6 ഓഡിറ്റ് റിക്കവറി

–ഇല്ല–

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-4 | 2011-12 | 2-4 | കുടുംബത്തിലെ വനിതയുടെ പേരിലോ ഭാര്യയുടെയും ഭർത്താവിന്റെയും കൂട്ടായ പേരിലോ ഭവനം അനുവദിക്കണമെന്ന വ്യവസ്ഥ ലംഘിച്ച് ധനസഹായം ₹75,000/- | ഖണ്ഡിക തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,85,59,780 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹3,89,25,678 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2,260 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 414058 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 2260 | കെ.ജെയ്മോൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-4 | 199909 | | ശ്രീ. കെ.ജയ്മോൻ, ജോ.ബി.ഡി.ഒ.(അധിക ചുമതല) |
| 3-5 | 214149 | 84,635/- | ശ്രീ. വി. ആർ. ഷാജി, സെക്രട്ടറി |
| | | 1,29,514/- | ശ്രീ. കെ. ജെയ്മോൻ, ജോ.ബി.ഡി.ഒ. (അധിക ചുമതല) |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.ജെയ്മോൻ | ജോ.ബി.ഡി.ഒ. | കൊച്ചുപാറയ്ക്കൽ<br>കുന്നം പി. ഒ, തൊടുപുഴ |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1995-96 & 1996-97 | എൽ.എഫ്.ഐ. – 3/309/99/06.04.99 |
| 1997-98 | എൽ.എഫ്.ഐ. – 3/304/99/09.04.99 |
| 1998-99 | എൽ.എഫ്.ഐ. - 3/448/2000/19.02.01 |
| 1999-2000 | എൽ.എഫ്.ഐ. – 3/343/01/04.08.01 |
| 2000-01 | എൽ.എഫ്.ഐ. – 3/727/02/05.03.03 |
| 2001-02 | എൽ.എഫ്.ഐ. – 4/225/04/07.06.03 |
| 2002-03 | എൽ.എഫ്.ഐ. – 4/319/04/27.11.04 |
| 2003-04 | എൽ.എഫ്.ഐ. – 4/346/05/08.07.05 |
| 2004-05 | എൽ.എഫ്.ഐ. – 4/817/06/24.01.07 |
| 2005-06 | എൽ.എഫ്.ഐ. - 4/66/08/29.04.08 |
| 2006-07 | എൽ.എഫ്.ഐ. - 4/256/09/15.07.09 |
| 2007-08 | എൽ.എഫ്.ഐ. – 4/257/09/15.07.09 |
| 2008-09 | എൽ.എഫ്.ഐ. - 4/606/11/22.10.11 |
| 2009-10 | എൽ.എഫ്.ഐ.- 4/607/11/05.01.11 |
| 2010-11 | എൽ.എഫ്.ഐ - 4/697/13/08.11.13 |
| 2011-12 | എൽ.എഫ്.ഐ. - 4/1063/13/07.11.13 |
| 2012-13 | എൽ.എഫ്.ഐ. - 4/276/13/14.05.14 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ – 4/31/16/11.01.16 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ - 4/144/2016/03.03.20162 |

| | |
|---|---|
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ -7/282/2017/04.03.17 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-7/1535/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,തൊടുപുഴ
ഫോൺ : 04862-227332
ഇ-മെയിൽ :**doidk.ksad@kerala.gov.in**
തീയതി:20.11.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ **2016-17** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ **2016-17**ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

No.KSA-IDK-7/1535/2017

Kerala State Audit Department
District Audit Office, Idukki, Thodupuzha
Ph:04862-227332
**e-mail : doidk.ksad@kerala.gov.in**
Dt: 20.11.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **THODUPUZHA Block Panchayat** in **Idukki** District for the year ended on **31-03-2017** in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **THODUPUZHA Block Panchayat** for the year **2016-2017** except the observations in my Audit Report properly presents the picture of Income and Expenditure.

**SENIOR DEPUTY DIRECTOR**
**IDUKKI**